(c) Non-official organisations claiming to represent the daily newspapers and the weekly newspapers in the State conducted the elections.

(d) In view of the answer to (c) this question does not arise.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: വക്കീംഗ് ജേർണലിസ്റ്റിന്റെ ഒരു പ്രതിനിധിയെക്കൂടി ഈ അഡൈസറി ബോർഡിൽ ഉൾപ്പെടുത്തണമെന്നു കാണിച്ച് വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതേപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ രൂപവൽക്കരിച്ചിരിക്കുന്ന ബോർഡിൽ ഉൾപ്പെടുത്തണമെന്നു ആലോചനയില്ല.

വെഹിക്കിൾ ടാക്സ്

*൪൩൭. (൩൩) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൃഷിയാവശ്യത്തിനു ഉപയോഗിക്കുന്ന വണ്ടികൾ ടാക്സ് പിരിവിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ അത്തരം വാഹനങ്ങളിൽനിന്നും ഒരാണ്ടത്തെ വരുമാനം എത്ര;

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ)

(എ) ഇല്ല.

(ബി) ൪൦൦൦൦ രൂപ.

ശ്രീ. ഇട്ടീര അയ്യക്കൻ: ഈ വരവ് കൊച്ചിയിൽനിന്നു മാത്രമാണോ?

ശ്രീ. എ. ജെ. ജോൺ: അല്ല. തിരുവിതാംകൂർ കൊച്ചിയിൽ നിന്നുമാണ്.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചിരിക്കുന്നു

Written answers

എൻ. ജി. ഒ. മെമ്മൊറാണ്ടം

*൪൩൮. (൩൪) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) എൻ. ജി. ഒ അസോസിയേഷനിൽനിന്നും പി. ഡബ്ലിയു ഡിവക്കു എസ്റ്റാബ്ലിഷ്മെൻറുകാരുടെ ഒരു മെമ്മൊറാണ്ടം ഗവൺമെണ്ടിലേക്കു അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പി. ഡബ്ലിയു. ഡി. വക്കുഷോപ്പിലേയ്ക്ക് എസ്റ്റാബ്ലിഷ്മെൻറുകാരുടെ ഒരു മെമ്മൊറാണ്ടം കിട്ടിയിട്ടുണ്ട്.

(ബി) മെമ്മൊറാണ്ടത്തിലെ അപേക്ഷയനുസരിച്ചു വക്കുഷോപ്പിലെ വക്കു എസ്റ്റാബ്ലിഷ്മെൻറുകാരുടെ അടിസ്ഥാനശമ്പളം പ്രതിമാസം ൫൦ രൂപായും ക്ഷാമബത്ത പ്രതിമാസം ൫൦ രൂപായും ആയിവർദ്ധിപ്പിച്ചു. മെമ്മൊറാ

LIBRARY ARCHIVES Kerala Legislative Assembly